# ഏകലോകം
# അറിവും അനുഭവവും

**ആഗോളതാപനം** പോലുള്ള കെടുതികൾ മനുഷ്യർക്ക് സുവ്യക്തമാക്കുന്ന ചില വസ്തുതകളുണ്ട്; ഒരു മനുഷ്യജീവിയുടെ പ്രവൃത്തിപ്പോലും മുഴുവൻ പ്രകൃതിയേയും ബാധിക്കുന്നു എന്നതാണ് അതിലൊന്ന്. മറ്റൊന്ന്, പ്രകൃതിയിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾക്ക് പോലും മുഴുവൻ മനുഷ്യരാശിയിലുമുള്ള സ്വാധീനശേഷിയാണ്. ഇവ രണ്ടും, ജീവന്റെ ഒരുമ - മനുഷ്യന്റെ സാഹോദര്യമെന്ന സത്യം നമുക്ക് വെളിപ്പെടുത്തുന്നു.

എന്നാൽ, (അതി)ജീവിക്കുവാൻ പ്രകൃതിയെ മുടിക്കുന്ന, ഒരുവൻ അപരനെ ചൂഷണം ചെയ്യുന്ന മാർഗ്ഗമാണ് ഇന്ന് മനുഷ്യൻ പിന്തുടരുന്നത്. ജീവനെ സംബന്ധിച്ച യാഥാർത്ഥ്യവും നമ്മുടെ പ്രായോഗിക ജീവിതവും തമ്മിലുള്ള ഈ അകലമാണ്, വ്യക്തിപരമായും സാമൂഹികതലത്തിലും പാരിസ്ഥിതികമായുമെല്ലാം നാം അനുഭവിക്കുന്ന വൈരുധ്യങ്ങളുടെ ഉറവിടം. ഈ വൈരുധ്യങ്ങളെ മറികടക്കേണ്ടത്, മനുഷ്യരാശിയെ സംബന്ധിച്ച് നിർണായകമാണ്.

ഇങ്ങനെയൊരു അടിയന്തരബുദ്ധി, വാൾസ്ട്രീറ്റ് പ്രക്ഷോഭം പോലുള്ള സമകാലിക ജനകീയസമരങ്ങളിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ ഇത്തരം മുന്നേറ്റങ്ങളോട് അനുഭാവമുള്ള പണ്ഡിതർ പ്രക്ഷോഭത്തിനുള്ള ഒരു പ്രധാന പരിമിതിയായി ചൂണ്ടിക്കാണിച്ചത്, മുതലാളിത്ത ചൂഷണത്തെ പ്രക്ഷോഭകാരികൾ തള്ളിപ്പറയുമ്പോഴും അതിന് ബദലായി സമഗ്രമായ ഒരു ജീവിതദർശനം - പ്രത്യയശാസ്ത്രം സമരത്തിന് മുന്നോട്ട് വെക്കാൻ ആകുന്നില്ല എന്നാണ്. ഇക്കാരണത്താൽ, പ്രക്ഷോഭം വെറും ആൾക്കൂട്ടമായി പോകുന്നുവെന്ന് മാത്രമല്ല, അങ്ങേയറ്റം സംഘടിതവും സങ്കീർണ്ണവുമായ വ്യവസ്ഥിതിയെ മാറ്റിപ്പണിയുക അതിന് അസാധ്യവുമാകുന്നു. ഒപ്പം, ലോകത്തൊട്ടാകെയുള്ള സമാനമായ മുന്നേറ്റങ്ങളെ വേണ്ടവിധം പ്രചോദിപ്പിക്കുവാനും പുതിയവയെ രൂപപ്പെടുത്തുവനും അത് തടസ്സമാകുന്നുമുണ്ട്. ഇപ്പറഞ്ഞ സാഹചര്യം ഇന്ത്യയിൽ നടക്കുന്ന അഴിമതിക്കെതിരായ അണ്ണാ ഹസാരെ സമരത്തിലൂടെ നമ്മിൽ പലർക്കും ബോധ്യമുള്ളതാണ്.

അതേസമയം, ബദൽ സംവാദങ്ങൾ ധാരാളം ഉണ്ടാവുന്നുണ്ടെന്നതും വാസ്തവമാണ്; പക്ഷെ പലപ്പോഴും ജാതിയുടെയോ മതത്തിന്റെയോ ദേശീയതയുടെയോ അതിരുകൾക്കപ്പുറം അവയുടെ ഭാവന വളരുന്നില്ലെന്ന് മാത്രമല്ല, നമ്മളും/അവരും എന്ന വേർതിരിവിനെ കൂടുതൽ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. അതുമല്ലെങ്കിൽ, മുതലാളിത്തം എന്ന ഈജിയൻ തൊഴുത്തിൽ തന്നെയാണ് ഏറിയോ കുറഞ്ഞോ പല ദർശനങ്ങളും അഭിരമിക്കുന്നത്.

ഈ സാഹചര്യം മാറണം; അതിന് നാം തുടങ്ങേണ്ടതെവിടെ നിന്നാണെന്നത് സുവ്യക്തമാണ്. ജീവന്റെ ഒരുമയെന്ന മൂലക്കല്ലിൽ നിന്നാണ് മനുഷ്യൻ തന്റെ സംസ്കാരം പടുത്തുയർത്തേണ്ടത്. അതിനുതകുന്ന, എല്ലാ മനുഷ്യരേയും അഭിസംബോധന ചെയ്യുന്ന ജീവിതദർശനം നമുക്ക് ആവശ്യമുണ്ട്.

അതിനുള്ള അന്വേഷണങ്ങൾക്കും കണ്ടെത്തലുകൾക്കുമുള്ള ആമുഖമാണ് 'ഏകലോകം: അറിവും അനുഭവവും' എന്ന ഈ ലക്കം കേരളീയം മാസിക. നമ്മുടെ സംവാദം തുടങ്ങുന്നത്, മേൽപ്പറഞ്ഞ ദർശനത്തിനും അതിന്റെ സൂക്ഷ്മ വിശദാംശങ്ങൾക്കുമായി ജീവിതകാലം മുഴുവൻ പഠനത്തിലേർപ്പെട്ട നടരാജഗുരുവിന്റെ (1895-1973) രണ്ടു ലേഖനങ്ങളിൽ നിന്നാണ്. നാരായണഗുരുവിന്റെ ശിഷ്യനായിരുന്ന അദ്ദേഹം, യുറോപ്പിലെ 'കോളേജ് ദേ ഫ്രാൻസിൽ' (college de france), എക്കാലത്തേയും മികച്ച തത്വശാസ്ത്രജ്ഞനായ ഹെൻറി ബെർഗ്സണിന്റെ ഗവേഷണ വിദ്യാർത്ഥിയായി ചേരുകയും, യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ അപൂർവമായ ട്രിപ്പിൾ ഹോണേഴ്സോടെ തന്റെ ഗവേഷണം പൂർത്തിയാക്കുകയും ചെയ്തു. 'വിദ്യാഭ്യാസപ്രക്രിയയിലെ വ്യക്തിനിഷ്ഠഘടകം' (personal factor in educative process) എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രബന്ധവിഷയം.

ക്രാന്തദർശികളായ സി.ജെ. തോമസിന്റെയും വി.ടി. ഭട്ടതിരിപ്പാടിന്റെയും ലേഖനങ്ങളും, മൂല്യശാസ്ത്രവും ഭൂമിരാഷ്ട്രീയവും എന്ന പ്രബന്ധവും വാൾസ്ട്രീറ്റ് പ്രക്ഷോഭകരുടെ പൊതുനയരേഖയും ഏകലോകദർശനത്തോടുള്ള മറ്റ് പ്രതികരണങ്ങളുമാണ് തുടർന്നുള്ള താളുകളിൽ.

പൊട്ടിത്തെറിച്ച ആവിയന്ത്രങ്ങൾ എത്രയെങ്കിലും ഉണ്ടാവാം; പക്ഷെ അവയൊന്നും നീരാവിയുടെ ഉപയോഗയോഗ്യത ഇല്ലാതാക്കുന്നില്ല. അതുപോലെ, പരാജയപ്പെട്ട പ്രത്യയശാസ്ത്രങ്ങളും പരീക്ഷണങ്ങളുമൊന്നും അർത്ഥവത്തായ ജീവിതത്തിനുള്ള മനുഷ്യേച്ഛയെ പിന്തിരിപ്പിക്കേണ്ടതില്ല. മാത്രവുമല്ല അന്വേഷണങ്ങൾ നമുക്കിന്ന് വിനോദമോ, ആഢംബരമോ അല്ല; തികഞ്ഞ അനിവാര്യതയാണ്. ഈ വ്യവസ്ഥിതി നിരപരാധികളായ നമ്മുടെ കുട്ടികളെ കൊല്ലാകൊല ചെയ്യുകയാണ്.

സഹൃദയർക്കായി, പ്രചോദിതമായ സംവാദങ്ങൾക്കായി ഈ പതിപ്പ് സമർപ്പിക്കുന്നു.

**- ശ്യാം ബാലകൃഷ്ണൻ**
അതിഥി പത്രാധിപർ